**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7824. 15.07.2014 ൽ മറുപടിയ്ക്ക്.

## വാഹന നികുതി അടയ്ക്കാൻ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്

| ചോദ്യം<br>ശ്രീ. എളമരം കരീം | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | വാഹന നികുതി സ്വീകരിക്കുമ്പോൾ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് വേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഈ തീരുമാനംമൂലം ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കാതിരിക്കുന്ന പ്രവണത വർദ്ധിക്കുകയും അപകടങ്ങൾ സംഭവിക്കുമ്പോൾ ആനുകൂല്യങ്ങൾ ലഭിക്കാത്ത അവസ്ഥ ഉണ്ടാവുകയും ചെയ്യുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) | ഇല്ല. നികുതി അടക്കുന്നതിനൊഴിച്ച് വകുപ്പിന്റെ മറ്റെല്ലാ സേവനങ്ങൾക്കും ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതിനാൽ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കാതിരിക്കുന്ന പ്രവണത ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രമല്ല, റോഡ് പരിശോധനയിലും ഫിറ്റ്നസ് പരിശോധനയ്ക്കും ഇൻഷ്വറൻസ് പരിശോധിക്കുന്നുണ്ട്. നികുതി അടയ്ക്കുന്ന ദിവസം ഇൻഷ്വറൻസ് ഉണ്ടായിരുന്നാലും അതിനുശേഷം പുതുക്കുന്നുണ്ടോ എന്ന് റോഡ് വാഹന പരിശോധന വഴി മാത്രമേ ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളു. |
| (സി) | എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള തീരുമാനം കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ ? | (സി) | നികുതി ഒടുക്കുന്നതിന് ഇ - പേമെന്റ് സമ്പ്രദായം നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നുള്ള നിബന്ധന |

| | | | |
|---|---|---|---|
| | | | ഒഴിവാക്കിയിട്ടുള്ളത്. മോട്ടോർ വാഹന വകുപ്പിന്റെ മറ്റ് സേവനങ്ങൾക്കെല്ലാം ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. മുഖ്യമന്ത്രി തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയിൽ ടാക്സ് അടക്കുന്നതിന് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥ പുനസ്ഥാപിക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.